**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2889** 12.10.2011 – ൽ മറുപടിയ്ക്ക്

**കൊയ്ത്തുയന്ത്രങ്ങൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.സി.എഫ്.തോമസ്<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. റ്റി.യു. കുരുവിള | | ശ്രീ. കെ.പി.മോഹനൻ<br>(കൃഷിയും മൃഗ സംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) നെൽകൃഷിക്ക് സംസ്ഥാനത്ത് ആകെ ആവശ്യമായ കൊയ്ത്തു യന്ത്രങ്ങൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; | (എ) | കൊയ്ത്തു സീസണിൽ സംസ്ഥാനമൊട്ടാകെ ഏകദേശം 400 കൊയ്ത്തു യന്ത്രങ്ങൾ ആവശ്യമാണ്. |
| (ബി) ആവശ്യത്തിന് കൊയ്ത്തുയന്ത്രം ഇല്ലാത്തതുമൂലം കൊയ്ത്ത് സമയത്ത് കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) സംസ്ഥാനത്ത് ആവശ്യമായ കൊയ്ത്തു യന്ത്രങ്ങൾ കൊയ്ത്തു തുടങ്ങുന്നതിനുമുമ്പ് വാങ്ങുവാൻ നടപടി സ്വീകരിക്കുമോ; | (സി) | കൃഷി വകുപ്പ്, കെയ്കോ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കോ-ഓപ്പറേറ്റീവ് ബാങ്ക് (ആലപ്പുഴ), സ്വകാര്യ വ്യക്തികൾ എന്നിവർക്കായി 120 കൊയ്ത്തു യന്ത്രങ്ങൾ കൈവശമുണ്ട്. കൂടാതെ കുട്ടനാട് പാക്കേജിൽപെടുത്തി 50 കൊയ്ത്തു യന്ത്രങ്ങൾ വാങ്ങിയിട്ടുണ്ട്. അടുത്ത പുഞ്ച സീസണിന് മുമ്പ് 50 കൊയ്ത്തു യന്ത്രങ്ങൾ കൂടി വാങ്ങാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. 63 എണ്ണം അടുത്ത വർഷം കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി വാങ്ങുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വർഷാവർഷം കൊയ്ത്തു മെതിയ യന്ത്രങ്ങൾ വിവിധ പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങാനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) ഉപയോഗമില്ലാത്ത സമയത്ത് ഈ കൊയ്ത്തു യന്ത്രങ്ങൾ പ്രവർത്ത നക്ഷമമമായി സൂക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | സ്വീകരിച്ചിട്ടുണ്ട്. ജില്ലകളിൽ പ്രവർത്തിക്കുന്ന കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസ്, കെയ്കോ, കുട്ടനാട് പാക്കേജിൻ കീഴിൽ നിർമ്മിക്കുന്ന ഷെഡ്, എന്നിവയിൽ കൂടി കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസറുടെ നേതൃത്വത്തിൽ കൊയ്ത്തു മെതിയന്ത്രങ്ങൾ സൂക്ഷിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ